# സ്നേഹ ശിബിരം

## ആമുഖം

- പോഷകക്കുറവുള്ള അല്ലെങ്കിൽ വളർച്ച മുറിഞ്ഞ കുട്ടികളുടെ (5 വയസ്സിൽ താഴെയുള്ള അതിർത്തിരേഖയിലുള്ള, ഇടത്തരം അല്ലെങ്കിൽ ഗുരുതരമായി തൂക്കക്കുറവുള്ള കുട്ടികൾ) പരിചരണത്തിനു വേണ്ടി പ്രത്യേകമായി രൂപം നൽകിയ ഒരു പ്രവർത്തനപദ്ധതിയാണ് സ്നേഹ ശിബിരം.
- അത് ഗുരുതരമായ പോഷകക്കുറവുള്ള 200 ജില്ലകൾക്കു വേണ്ടിയുള്ള ലക്ഷ്യമിടുന്ന ഒരു ഇടപെടലാണ്.
- പ്രധാനപ്രവർത്തനങ്ങളിൽ ഇവ ഉൾപ്പെടുന്നു
    - തീവ്രമായ ഉപദേശം നൽകൽ
    - അമ്മമാർക്ക്/പരിചരണം നൽകുന്നവർക്കുള്ള പ്രായോഗിക പരിശീലനം
    - മേൽനോട്ടത്തോടെയുള്ള ഭക്ഷണം നൽകൽ
- ഈ ഇടപെടൽ സമയ ബന്ധിതവും പരിണിതഫലത്തെ അടിസ്ഥാനമാക്കിയതും ഫലം കാണപ്പെടുന്ന അളക്കാവുന്ന പ്രഭാവത്തിനൊപ്പമുള്ളതുമാണ്.
- 20% ൽ അധികം പോഷകക്കുറവുള്ള ബ്ലോക്കുകൾ/മേഖലകൾ/ചെറിയപ്രദേശങ്ങളുടെ സമൂഹത്തിൽ അത് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.
- ഓരോ അംഗൻവാടി കേന്ദ്രത്തിനും പകരം 3 - 4 അംഗൻവാടി കേന്ദ്രങ്ങളുടെ സമൂഹങ്ങളിലാണ് അത് നടപ്പാക്കേണ്ടത്.
- ഈ ശിബിരം നടപ്പാക്കുന്നതിനു വേണ്ടി ഗുരുതരമായ പോഷകക്കുറവുള്ള 200 ജില്ലകളിൽ 200 അധിക അംഗൻവാടി പ്രവർത്തകരെ ലഭ്യമാക്കുന്നതാണ്.




### സ്നേഹ ശിബിരത്തിന് വേണ്ട ഒഴിച്ചുകൂടാനാവാത്ത ഇനങ്ങൾ

- തൂക്കം നോക്കുന്നതിനുള്ള മെഷീൻ – നവജാത ശിശുക്കൾക്കുള്ളതും കുട്ടികൾക്കു വേണ്ടിയുള്ളതും.
- സമൂഹത്തെ ഒരുമിപ്പിക്കുന്നതിനുള്ള കരുക്കൾ - സാമൂഹിക വളർച്ചാ ചാർട്ടുകൾ, മാതൃ ശിശു സംരക്ഷണ കാർഡ് തുടങ്ങിയവ.
- ചാർട്ട് പേപ്പറുകൾ, മാർക്കറുകൾ, വളർച്ചാ ചാർട്ടുകൾ തുടങ്ങിയവ ആവശ്യാനുസരണം.
- തൂക്കം കൈവരിക്കൽ, റഫറൽ, ഹാജർ തുടങ്ങിയവ അടയാളപ്പെടുത്തുന്നതിന് എൻ.സി.സി.എസ്. രജിസ്റ്റർ.
- പാചകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, ആഹാരം നൽകുന്നതിനുള്ള കോപ്പകൾ, കരണ്ടികൾ (ഇവ ലഭ്യമെല്ലങ്കിൽ പരിചരണം നൽകുന്നവരുടെ വീടുകളിൽ നിന്നു കൊണ്ടുവരാവുന്നതാണ്).
- വെള്ളം ശേഖരിച്ചു വയ്ക്കുന്നതിനുള്ള സൗകര്യവും സുരക്ഷിതമായ ശുദ്ധജലം ലഭ്യമാക്കലും.
- നഖം മുറിക്കൽ യന്ത്രം.
- സോപ്പും തോർത്തും.
- മരുന്നുകളുടെ കിറ്റ്.
- ഡിസ്പ്ലേ ബോർഡുകൾ, സ്കോർ ബോർഡുകൾ, മറ്റ് ഐ.ഇ.സി. മെറ്റീരിയൽ.

## പോഷകാഹാര ഉദ്ബോധനവും ശിശു സംരക്ഷണ സെഷനുകളും (എൻ.സി.സി.എസ്.)



- എൻ.സി.സി.എസ്.12 ദിവസത്തെ ഒരു പുനരധിവാസ പരിപാടിയാണ്.
- പോഷകക്കുറവുള്ള കുട്ടികളുടെ തിരഞ്ഞെടുത്ത അമ്മമാർക്കൊപ്പമാകും അത് സംഘടിപ്പിക്കുന്നത്.
- എൻ.സി.സി.എസ്. നു കീഴിലുള്ള പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും ക്രമം ഇപ്രകാരം ആയിരിക്കും:
    - തൂക്കം രേഖപ്പെടുത്തൽ (പ്രവേശനസമയത്തെ തൂക്കവും പുറത്തു പോകുമ്പോഴുള്ള തൂക്കവും).
    - വിരയിളക്കലും അയൺ ഫോളിക് ആസിഡ് അനുപൂരണം നൽകലും.
    - പാകം ചെയ്ത ചൂടുള്ള അധിക ഭക്ഷണം അവിടെ വച്ചുതന്നെ കഴിപ്പിക്കൽ **(300 – 400 കലോറി & 18 ഗ്രാം പ്രോട്ടീൻ).**
    - ശരിയായ മട്ടിൽ ആഹാരം നൽകൽ, ശുചിത്വം, ആരോഗ്യം, മനശ്ശാസ്ത്രസാമൂഹിക ശീലങ്ങൾ എന്നിവ പഠിക്കുന്നതിന് ആഹാരംനൽകൽ സഭകൾ നടത്തുക, സകാരാത്മകമായി വ്യതിചലിച്ച അമ്മമാർ മുഖേന നല്ല ശീലങ്ങൾ പങ്കുവയ്ക്കൽ.
    - കരുതൽ ശീലങ്ങളെപ്പറ്റി ഉപദേശംനൽകൽ.
    - പ്രശ്നം കൈകാര്യം ചെയ്യലും പര്യാപ്തമായ തൂക്കമാർജ്ജിക്കൽ നിർണ്ണയിക്കലും.
    - മെഡിക്കൽ പിന്തുണയും റഫറലും.
        - പതിവ് സേവനങ്ങൾ - ഇമ്യുണൈസേഷൻ, വൈറ്റമിൻ എ കൂടാതെ അയൺ ഫോളിക് ആസിഡ് അനുപൂരണം.
        - സഹായക നഴ്സ്/മെഡിക്കൽ ഓഫീസർ മുഖേനആരോഗ്യ പരിശോധനകളും ആവശ്യമെങ്കിൽ ഉചിതമായ ചികിത്സകളും.
        - സഹായക നഴ്സ്/അംഗീകൃത സാമൂഹികാരോഗ്യ പ്രവർത്തക/മെഡിക്കൽ ഓഫീസർ മുഖേനമെഡിക്കൽ സങ്കീർണ്ണതകൾക്കുള്ള റഫറൽ സേവനം.
    - 18 ദിവസത്തെ ഭവനപരിചരണത്തിലൂടെ തുടർ നടപടികൾ.
    - **6 – 9 സഭകൾക്ക് (മാസങ്ങൾക്ക്) ശേഷം**, ഒരു ഗ്രാമത്തിൽ ഒരു വർഷത്തേക്ക് എൻ.സി.സി.എസ്. ത്രൈമാസ അടിസ്ഥാനത്തിൽ നടപ്പാക്കി ഒരു കുട്ടിയ്ക്കും തൂക്കക്കുറവില്ലെന്നും തൂക്കക്കുറവുള്ള കുട്ടികളൊന്നും അവിടെ പുതിയതായി ഉണ്ടാകുന്നില്ലെന്നും ഉറപ്പാക്കുക.

### അംഗൻവാടി പ്രവർത്തകയുടെ പങ്ക്

- അതിർവരമ്പിലുള്ളവരും ഇടത്തരവും ഗുരുതരവുമായി തൂക്കക്കുറവുള്ളവരുമായ കുട്ടികളെ കണ്ടെത്തുക.
- സി.ഡി.പി.ഒ. യെ വിവരമറിയിക്കുകയും തൂക്കക്കുറവുള്ള ഈ കുട്ടികളുടെ പട്ടിക അയച്ചുകൊടുക്കുകയും ചെയ്യുക.
- കുട്ടികളുടെ തൂക്കമെടുക്കുന്നതിൽ സി.ഡി.പി.ഒ. യെ സഹായിക്കുക.
- പോഷകാഹാര ഉപദേശവും ശിശു പരിചരണ സെഷനുകളും (അഥവാ സ്നേഹ ശിബിര ക്യാംപ്) സംഘടിപ്പിക്കുക.
- കുട്ടികൾക്കൊപ്പം അവർക്കു പരിചരണം നൽകുന്നവരെയും സ്വാഗതം ചെയ്ത് ഹാജരെടുക്കുക.
- ഭക്ഷണം കഴിക്കുന്നതിനു മുമ്പും കഴിച്ചതിനു ശേഷവും പരിചരണം നൽകുന്നവർ കുട്ടികളുടെ കൈ കഴുകിക്കുന്നു എന്ന് ഉറപ്പാക്കുക.
- കുട്ടികളെ ഭക്ഷണം കഴിപ്പിക്കുന്നതിൽ അമ്മമാരെ അല്ലെങ്കിൽ പരിചരണം നൽകുന്നവരെ സഹായിക്കുക.
- ആരോഗ്യ പ്രശ്നങ്ങളുള്ള ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളെ സഹായക നഴ്സ്/മെഡിക്കൽ ഓഫീസർമാർക്ക് റഫർ ചെയ്യുക.
- ആരോഗ്യ പോഷക സഭയുടെ ആ ദിവസത്തെ വിഷയം ചർച്ച ചെയ്യുക.
- തങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നതിന് ആരോഗ്യമുള്ള കുട്ടികളുടെ അമ്മമാരെ കണ്ടെത്തി അവരെ പങ്കെടുപ്പിക്കുക.
- തുടർ നടപടികൾ സ്വീകരിക്കുകയും ക്യാംപിൽ പങ്കെടുത്ത അമ്മമാരുടെയും കുട്ടികളുടെയും വീടുകളിൽ സന്ദർശനം നടത്തുകയും ചെയ്യുക.
- ശിബിരത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുക.